# ഈവ് ശ്രേണിയുമായി ഗോദ്റെജ് സെക്യൂരിറ്റീസ്

കൊച്ചി ● ഗോദ്റെജ് സെക്യൂരിറ്റീസ്സൊല്യൂഷൻസ്വൈഫൈസൗകര്യത്തോടു കൂടിയ സിസിടിവി സംവിധാനമായ ഈവ് ശ്രേണി പുറത്തിറക്കി.

ഒരിക്കൽ ഈ ഉപകരണം വീടിനുള്ളിൽ സ്ഥാപിച്ചുകഴിഞ്ഞാൽ ലോകത്തെവിടെയുമിരുന്നും വീക്ഷിക്കാമെന്നതാണു പ്രത്യേകത. ത്രീജിനെറ്റ്‌വർക്ക് സംവിധാനം ഇതിന് ആവശ്യമാണ്. ഈസിവ്യൂവിങ് എവരിവെയർ ശ്രേണിയുടെ ഈവ് മിനി, ഈവ് ക്യൂബ്, ഈവ് പിടി തുടങ്ങിയ ഉൽപന്നങ്ങളുടെ വില 5,000 രൂപയിൽ തുടങ്ങും. മൊബൈൽ ആപ്പുമായി ചേർന്നാണ് ഈവ് പ്രവർത്തിക്കുന്നത്. മൊബൈലിലൂടെ ലൈവ് സ്ട്രീമിങ്ങായി വീട്ടിനുള്ളിൽ നിന്നുള്ള ദൃശ്യങ്ങൾ ലഭിക്കും. ഓട്ടോ റെക്കോഡിങ് സംവിധാനവും ഇതിലുണ്ട്.

ഓണക്കാലത്തേക്കായി ബൈ ആൻഡ് ഫ്ളൈ ടു പാരിസ് എന്ന ഓഫറും കമ്പനി അവതരിപ്പിച്ചു. ഹോംസേഫുകൾ, ഗോൾഡ്ഡിലോക്കുകൾ, ഇലക്ട്രോണിക് ഹോം സേഫ്റ്റി ഉൽപന്നങ്ങൾ, അലാം സംവിധാനങ്ങൾ തുടങ്ങിയുള്ള ഉൽപന്നങ്ങൾ വാങ്ങുമ്പോൾ പ്രത്യേക ആനുകൂല്യങ്ങളും ലഭിക്കും.

കമ്പനിയുടെ ആകെ വരുമാനത്തിന്റെ 15 ശതമാനം കേരളത്തിൽ നിന്നാണെന്നു ഗോദ്റെജ് സെക്യൂരിറ്റി സൊല്യൂഷൻസ് ഡിവിഷൻ അസോഷ്യേറ്റ് വൈസ് പ്രസിഡന്റും സെയിൽസ് മാർക്കറ്റിങ് ആൻഡ് ഇന്നവേഷൻസ് മേധാവിയുമായ മെഹർനോഷ് പിതാവാല പറഞ്ഞു.